എറണാകുളം തിരുവനന്തപുരം ജില്ലകളിൽ ലോവർ ഡിവിഷൻ ക്ളാർക്കിന്റെ തസ്തികയിൽ വന്ന ഒഴിവുകൾ

30 (5701) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മാർച്ച് 31-ന് ഉദ്യോഗസ്ഥരുടെ റിട്ടയർമെന്റുമൂലം എറണാകുളം തിരുവനന്തപുരം ജില്ലകളിൽ വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ളാർക്കിന്റെ തസ്തികയിൽ എത്ര ഒഴിവുകളുണ്ടായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ ജില്ലാ പി.എസ്.സി. ഓഫീസുകളിൽ നിലവിലുള്ള എൽ.ഡി.ക്ളാർക്ക് നിയമന ലിസ്റ്റിൽ നിന്ന് നികത്തേണ്ട ഒഴിവുകൾ എത്ര ;

(സി) ഇവയിൽ എത്ര ഒഴിവുകൾ റിപ്പോർട്ടുചെയ്തു ;

(ഡി) റിപ്പോർട്ടു ചെയ്ത എത്ര ഒഴിവുകളിലേക്ക് അഡ്വൈസ് ചെയ്തു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടും സർവ്വീസിൽ തുടരുന്നവർ

31 (5703) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-2010-ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടും ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സെക്രട്ടറിമാരുടെ ഓഫീസുകളിൽ ഇപ്പോഴും സേവനം തുടരുന്ന ആരെങ്കിലും ഉണ്ടോ ;

(ബി) പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ നിയമിക്കാതെ, റിട്ടയർ ചെയ്തവർ തുടരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർവ്വീസിൽനിന്നു വിരമിച്ചിട്ടും സേവനം തുടരുന്നതിനാൽ പലർക്കും പ്രൊമോഷൻ നിഷേധിച്ചതായും അതിലൂടെ പി.എസ്.സി. ലിസ്റ്റ് മരവിപ്പിച്ചതായുമുള്ള പരാതി ശരിയാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly